# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 1026/11/12/2023/ TVM**

പരാതികക്ഷി : വിശ്വനാഥൻ.ആർ,ഹരിഭവൻ,വിട്ടിയം,
പേയാട്, തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 09.05.2024**

പരാതികക്ഷി വിളപ്പിൽ പഞ്ചായത്ത് പരിധിയിലാണ് താമസിക്കുന്നതെന്നും, ടിയാൻ താമസിക്കുന്ന വീട് വറ്റിയൂർക്കാവ് സ്വദേശി വിഷ്ണു എന്നയാളിൽ നിന്നും വാങ്ങിയതാണെന്നും, എന്നാൽ തകർന്ന വീട് നൽകി പരാതിക്കാരനെ വഞ്ചിച്ചതായും, 2020 ലെ മഴക്കാലത്ത് ചുറ്റുമതിൽ ഇടിഞ്ഞ് കല്ലും മണ്ണും റോഡിലേയ്ക്ക് വീണതായും, ആയത് റോഡിൽ തടസ്സം സൃഷ്ടിക്കുന്നുവെന്ന് പറഞ്ഞ് പഞ്ചായത്ത് മെമ്പറും കൂട്ടാളികളും ചേർന്ന് ലോറിയിൽ കയറ്റി കൊണ്ടുപോയതായും, വീട് വാസയോഗ്യമാക്കാനുള്ള ധന സഹായത്തിനായി പഞ്ചായത്തിൽ അപേക്ഷ നൽകിയെങ്കിലും നടപടിയൊന്നും ഉണ്ടാകുന്നില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ വിളപ്പിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതിക്കാരൻെറ മതിൽ ഇടിഞ്ഞു വീണതുമായി ബന്ധപ്പെട്ട് ടിയാൻ സി.എം.ഒ പോർട്ടൽ മുഖാന്തിരം അപേക്ഷ നൽകുകയും LSGD AEയുടെ വാല്യുവേഷൻ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5000/-രൂപ ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും, ഹർജിക്കാരൻെറ വീട് മെയിൻറനൻസ് ചെയ്യുന്നതിന് 500000/-രൂപയെങ്കിലും ആവശ്യമുണ്ടെന്ന് കാണിച്ച സി.എം.ഒ പോർട്ടലിൽ അപേക്ഷ നൽകിയിട്ടുണ്ടെന്നും എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തിൽ വീട് നിർമ്മാണത്തിന് ജനറൽ വിഭാഗത്തിന് 4ലക്ഷം രൂപയാണ് ലൈഫ് ഭവന പദ്ധതിയുടെ മാനദണ്ഡ പ്രകാരം അനുവദനീയമായ തുകയെന്നും, ഭവനപുനരുദ്ധാരണത്തിന് 100000/-രൂപയാണ് ധനസഹായം നൽകുന്നതെന്നും, എന്നാൽ ടിയാൻ ഗ്രാമസഭയിൽ പങ്കെടുക്കുകയോ ധനസഹായം ലഭിക്കുന്നതിന് അപേക്ഷ നൽകുകയോ ചെയ്തിട്ടില്ലായെന്നും, എന്നിരുന്നാലും ഹർജിക്കാരൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ

ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നേരിട്ട് സ്ഥല പരിശോധന നടത്തുകയും ടി വീടിന് മെയിൻറനൻസ് അർഹതയില്ലായെന്ന് റിപ്പോർട്ട് നൽകുകയാണുണ്ടായതെന്നും, അടുത്തുകൂടുന്ന ഗുണഭോക്തൃ ഗ്രാമസഭയിൽ ടിയാൻ ഭവനപുനരുദ്ധാരണത്തിന് അപേക്ഷ സമർപ്പിച്ചാൽ ഗുണഭോക്തൃ ഗ്രാമസഭാ ലിസ്റ്റിൻെറ മുൻഗണനാക്രമം, അർഹതാ മാനദണ്ഡം എന്നിവ പാലിച്ച് ടിയാന് അർഹതയുണ്ടെങ്കിൽ ആനുകൂല്യം നൽകുന്നതാണെന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ വിശദമായി പരിശോധിച്ചു. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ഗുണഭോക്തൃ ഗ്രാമസഭയിൽ ഭവനപുനരുദ്ധാരണത്തിനായി പരാതികക്ഷി അപേക്ഷ സമർപ്പിക്കേണ്ടതും അപ്രകാരം അപേക്ഷ സമർപ്പിക്കുന്ന പക്ഷം ടിയാൻെറ അർഹത ഒരിക്കൽകൂടി പരിശോധിച്ച് ഉചിതമായ തീരുമാനം കൈകൊള്ളേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് വിളപ്പിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
**കെ. ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ